LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*: സർ, കേന്ദ്ര ഭക്ഷ്യവകുപ്പ് ഇത്തരത്തിൽ ഒരു തീരുമാനം എടുത്തതായി സംസ്ഥാന ഗവൺമെന്റിനെ നാളിതുവരെയും അറിയിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി 2004-2005 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഒന്നോ രണ്ടോ ജില്ലകളിൽ ഭക്ഷ്യ കൂപ്പൺ സമ്പ്രദായം പരീക്ഷണാർത്ഥം നടപ്പിലാക്കും എന്ന് പറഞ്ഞിരുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ പദ്ധതി നടപ്പിലാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നിർദ്ദേശമുണ്ടായാൽ സംസ്ഥാനത്തിന്റെ ബുദ്ധിമുട്ടുകൾ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്. ഇക്കാര്യം നമ്മുടെ എം. പി. മാരുടെ യോഗത്തിലെ തന്നെ അജണ്ടയിൽ ഉൾപ്പെടുത്തിക്കൊണ്ട് ചർച്ച ചെയ്യുന്നതിനു തീരുമാനം എടുത്തിട്ടുമുണ്ട്. അങ്ങ് പറഞ്ഞതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് 1966-ലാണ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റം നടപ്പിലാക്കിയത്. ഏതാണ്ട് 14,000-ത്തിലധികം റേഷൻ കടകളിലൂടെ നമ്മുടെ പൊതുവിതരണരംഗം ഏറെ ശക്തിമത്തായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, ഇൻഡ്യയ്ക്കാകെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് കേരളത്തിൽ റേഷൻ കടകൾ പൊതുവിതരണ രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. അപ്പോൾ തീർച്ചയായും അങ്ങ് പറഞ്ഞ ഈ വിഷയം ഇത്തരത്തിൽ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ വേണ്ടിയുള്ള ഒരു നിർദ്ദേശം പൊന്തിവന്നാൽ നമ്മുടെ സംസ്ഥാനത്തെ ഏതാണ്ട് 14,000-ൽ അധികം വരുന്ന റേഷൻ കടകൾ നടത്തപ്പെടുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കും. റേഷൻ ഡീലേഴ്സ് അസോസിയേഷന്റെ യോഗം വിളിച്ചു കൂട്ടുമ്പോഴും ഈ ആശങ്ക അവർ ഉയർത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം എന്നുള്ള നിലയിൽ ഇത് ഒരു കാരണവശാലും നടത്തുവാൻ പാടില്ല, അതിനെ ഇൻസിസ്റ്റ് ചെയ്യുവാൻ പാടില്ല എന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്.

(2) സംസ്ഥാനത്ത് ആന്ത്രാക്സ് രോഗം തടയാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം

ശ്രീ. ഇ. എം. അഗസ്തി: കേരളത്തിന്റെ വടക്കൻ പ്രദേശമായ ഇടുക്കി ജില്ലയോട് ചേർന്നു കിടക്കുന്ന തമിഴ്നാട്ടിലെ തേനി, രാമനാഥപുരം, മധുര തുടങ്ങിയ 7 ജില്ലകളിലെ കന്നുകാലികൾക്ക് ആന്ത്രാക്സ് രോഗം പിടിപ്പെട്ടിരിക്കുകയാണ്. കുമിളി, കമ്പംമേട് തുടങ്ങിയ ചെക്പോസ്റ്റുകൾ വഴി കേരളത്തിലേക്ക് ധാരാളം കന്നുകാലികളെ കൊണ്ടുവന്ന് മാംസവിൽപ്പന നടത്തുകയാണ്. ആന്ത്രാക്സ് വളരെ മാരകമായ രോഗമാണ്. ആന്ത്രാക്സ് രോഗംമൂലം ചത്ത മൃഗങ്ങളെ മണ്ണെണ്ണ ഒഴിച്ച് കത്തിക്കുകയാണ് തമിഴ്നാട്ടിൽ ചെയ്യുന്നത്. വളരെ ഭയാനകമായ ഈ രോഗത്തിൽ നിന്ന് കേരള സംസ്ഥാനത്തെ

രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് പ്രഖ്യാപിച്ചുവെങ്കിലും ഇപ്പോഴും അനധികൃതമായി മാടുകളെ കടത്തിക്കൊണ്ടുവരികയാണ്. അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പാലിന്റെ നിരോധനം ഗവൺമെന്റ് ഏർപ്പെടുത്തി. ജൂലൈ മാസം 11-ാം തീയതി തമിഴ്നാട്ടിൽ നിന്നുള്ള പാലിന് നിരോധനം ഏർപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു എങ്കിലും 14-ാം തീയതി ഈ ഉത്തരവ് പിൻവലിച്ചതായിട്ടാണ് അറിയാൻ സാധിച്ചത്. ഇതുമൂലം പാലിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള യാതൊരു സംവിധാനവും ഇപ്പോൾ അതിർത്തി പ്രദേശങ്ങളിൽ ഇല്ല. ആന്ത്രാക്സ് രോഗത്തിന്റെ അപകടങ്ങൾ കേരള സംസ്ഥാനത്തും ബാധിച്ചേക്കും എന്ന ഭയാശങ്ക ആളുകൾക്കുണ്ട്. അതുകൊണ്ട് ഈ ഭയാശങ്ക ദൂരീകരിക്കുന്നതിനും ആന്ത്രാക്സ് രോഗത്തിന്റെ പിടിയിൽ നിന്ന് കേരള സംസ്ഥാനത്തെ രക്ഷിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവപൂർവ്വം ചിന്തിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജും ഇതുമായി ബന്ധപ്പെട്ട ഒരു സബ്മിഷൻ തന്നിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, എനിക്ക് പറയാനുള്ളത് ജൂലൈ 11-ാം തീയതി മുതൽ തമിഴ്നാട്ടിൽ നിന്ന് പാലും കന്നുകാലികളേയും കൊണ്ടുവരുന്നത് നിരോധിച്ചു. തമിഴ്നാട്ടിൽ തേനി എന്ന പ്രദേശത്ത് രണ്ട് പശുക്കൾക്ക് ആന്ത്രാക്സ് ഉണ്ടായി എന്നുപറഞ്ഞ് കേരള സംസ്ഥാനത്ത് തമിഴ്നാട്ടിൽ നിന്നും പാലക്കാടും കണ്ണൂരും തിരുവനന്തപുരത്തും കാസർഗോഡും പാൽ ഇറക്കുമതി ജൂലായ് 11-ാം തീയതി മുതൽ നിരോധിച്ചു. 14-ാം തീയതി പാൽ ഇറക്കുമതി അനുവദിച്ചു. അപ്പോൾ പാലിൽ കുഴപ്പം ഇല്ലെങ്കിൽ പിന്നെ മാംസ്യത്തിൽ കുഴപ്പം ഉണ്ടാകുമോ? യഥാർത്ഥത്തിൽ ഇതിനു പിറകിൽ വേറെ കളികളാണ്. ഗവൺമെന്റ് സത്യം മനസ്സിലാക്കും എന്നാണ് ഞാൻ വിചാരിക്കുന്നത്. യഥാർത്ഥത്തിൽ ഇവിടെ കോഴി ബിസ്സിനസ് നടത്തുന്ന ആളുകളുടെ ലാഭക്കൊച്ചവടത്തിനു വേണ്ടി ഉണ്ടാക്കിയിരിക്കുന്ന ഒരു കള്ളക്കളിയാണ് ആന്ത്രാക്സ് പ്രയോഗം. ഇന്ന് സംസ്ഥാനത്ത് ഏറ്റവും വിലകുറച്ച് കിട്ടുന്ന മാംസമാണ് ബീഫ്. ആ നിലയ്ക്ക് എനിക്ക് പറയാനുള്ളത് കുമിളി ചെക്പോസ്റ്റിൽ നിരോധിച്ചാൽ മനസ്സിലാകും, കണ്ണൂരും കാസർഗോഡും പാലക്കാടും കന്യാകുമാരിയിലും ആന്ത്രാക്സ് ഉണ്ടോ? ആ നിലയ്ക്ക് ജനങ്ങളെ ഉപദ്രവിക്കാൻ ചെയ്തുവച്ച പരിപാടിയാണിത്. അതുകൊണ്ട് യാതൊരു കാരണവശാലും ഇത് നിലനിർത്താൻ പാടില്ല. ഇന്നുതന്നെ, പാലിന്റെ നിരോധനം നീക്കിയതുപോലെ കന്നുകാലികളേയും കേരളത്തിലേക്ക് പ്രവേശിപ്പിക്കുവാനുള്ള അനുവാദം കൊടുത്തുകൊണ്ട് ലക്ഷക്കണക്കായ പാവപ്പെട്ടവരുടെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്ന് ഗവൺമെന്റിനോട് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*: സർ, 2005 ജൂൺ അവസാന വാരത്തിൽ തേനി ജില്ലയിൽ ആന്ത്രാക്സ് രോഗം ബാധിച്ച് ഏതാണ്ട് പത്തോളം കന്നുകാലികൾ മരിച്ചതായി തമിഴ്നാട്ടിലെ വെറ്ററിനറി ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് പാൽ ഉൽപ്പന്നങ്ങൾ, ഇറച്ചി, മൃഗം ഇതൊക്കെ കേരളത്തിലേക്ക് കയറ്റിക്കൊണ്ടു വരുന്നത് തടഞ്ഞുകൊണ്ട് ഡയറക്ടർ ഉത്തരവു പുറപ്പെടുവിച്ചു. പിൽക്കാലത്ത് തേനി മാത്രമല്ല വിരുതനഗർ, കോയമ്പത്തൂർ, തേനിയുമായിട്ട് അടുത്തു കിടക്കുന്നതായിട്ടുള്ള മറ്റു ജില്ലകളിൽ നിന്നുള്ള മൃഗങ്ങളെ കൊണ്ടുവരുന്നതും തടഞ്ഞുകൊണ്ടായിരുന്നു ആ ഉത്തരവ്. തമിഴ്നാട് വെറ്ററിനറി ഡിപ്പാർട്ടുമെന്റ് ഇപ്പോൾ അവിടെ രോഗം ബാധിച്ചത് ശമിച്ചിട്ടുണ്ട് എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലും അവർ ഇവിടെ വന്ന് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലും പാൽ കൊണ്ടുവരുന്നതിനുള്ള നിരോധനം നീക്കിയിട്ടുണ്ട്. നീക്കം ചെയ്യാനുള്ള കാരണം ഈ ആന്ത്രാക്സ് രോഗം മനുഷ്യരിലും പകരുന്ന രോഗമാണ്. എന്നാൽ പശുവിന് രോഗം വന്നാൽ അല്ലെങ്കിൽ മറ്റു മൃഗങ്ങൾക്ക് രോഗം വന്നാൽ രണ്ടു ദിവസത്തിനകം ആ മൃഗം ചാകും, അതിന്റെ അടിസ്ഥാനത്തിൽ രോഗബാധ അവിടെ ശമിച്ചതായി തമിഴ്നാട് ഗവൺമെന്റ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പാലിനും പാൽ ഉൽപ്പന്നങ്ങൾക്കുമുള്ള നിരോധനം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഇറച്ചി, തുകൽ, മരിച്ചതായ മൃഗങ്ങളെ വെട്ടി ഇറച്ചി കടത്തുന്നത്, അതുപോലെതന്നെ തോല് കടത്തുന്നത് ഇതിനൊക്കെ കുറേക്കാലം കൂടി ഒരു നിയന്ത്രണം ആവശ്യമാണെന്ന് തോന്നിയതിന്റെ അടിസ്ഥാനത്തിൽ അതിന്റെ നിയന്ത്രണം ഇന്നും തുടരുകയാണ്. ഇത് മാരകമായ ഒരു രോഗമാണ്, ആ രോഗം മനുഷ്യനേയും ബാധിക്കുന്നതാണ്. അതുകൊണ്ട് സൂക്ഷിക്കേണ്ടതുണ്ട് എന്ന നിലയിലുള്ള നടപടി എടുത്തിരിക്കുകയാണ്. തീർച്ചയായും രോഗശമനം വന്നുകഴിഞ്ഞാൽ ഇതിന്റേതായിട്ടുള്ള നിയന്ത്രണം നീക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. അതേസമയം ഈ പ്രദേശവുമായിട്ട് ബന്ധപ്പെട്ടു നിൽക്കുന്നതായിട്ടുള്ള എല്ലാ ചെക്ക്പോസ്റ്റുകളിലും കാര്യമായിട്ടുള്ള വിധത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ചെക്ക്പോസ്റ്റുകളും സജീവവുമാണ്.

(3) ജലചൂഷണം നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കൊക്കക്കോള, പെപ്സി കമ്പനികൾ അടച്ചുപൂട്ടണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. കൊക്കക്കോള, പെപ്സി കമ്പനികളുടെ ജലചൂഷണത്തെ സംബന്ധിച്ച് കേന്ദ്ര ഭൂജല വിഭവ ബോർഡ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് നൽകിയ റിപ്പോർട്ടിൽ ഈ രണ്ടു കമ്പനികളും അമിതമായി ജലചൂഷണം നടത്തുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശ്രീ. അശോക്ഘീൽ, ഐ.എ.എസ്. ചെയർമാൻ ആയിട്ടുള്ള സംസ്ഥാനത്തെ ജലത്തെ സംബന്ധിച്ച